**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം അപകടങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ. ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം റോഡ് അപകടങ്ങളിലും നിയമ ലംഘനത്തിലും കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊട്ടു മുമ്പത്തെ വർഷത്തെ റോഡ് അപകടങ്ങളുടെയും നിയമലംഘനങ്ങളുടെയും കണക്കും ഈ വർഷത്തെ ഇതുവരെയുള്ള കണക്കും ലഭ്യമാക്കാമോ; | (എ) | എ. ഐ ക്യാമറകൾ സ്ഥാപിച്ചശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.<br><br>ടി ക്യാമറകൾ പ്രവർത്തനക്ഷമമായത് 2023 ജൂൺ മാസം മുതലായതിനാൽ ആയതു വഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങളുടെ മുൻവർഷത്തെ കണക്കുമായുള്ള താരതമ്യം നിലവിൽ സാധ്യമല്ല . |
| (ബി) | കൂടുതൽ സ്ഥലങ്ങളിൽ എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | മോട്ടോർ വാഹന വകുപ്പിന് നികുതിയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | മോട്ടോർ വാഹന വകുപ്പിന്റെ ആകെ നികുതി കുടിശ്ശിക 2868.46 കോടി രൂപയാണ്. നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും, ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു |

| | | | |
|---|---|---|---|
| | | | വാഹനവും നിരത്തിലോട്ടുന്നില്ലായെന്ന് ഉറപ്പു വരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Accident Details | | | |
|---|---|---|---|
| Month | No of Accidents | No of Fatality | No of Injuries |
| Jun-22 | 3714 | 344 | 4516 |
| Jun-23 | 3787 | 276 | 4247 |
| | | Fatality reduced by **68** | |
| Jul-22 | 3316 | 313 | 3999 |
| Jul-23 | 3570 | 264 | 4056 |
| | | Fatality reduced by **49** | |
| Aug-22 | 3366 | 307 | 4040 |
| Aug-23 | 1065 | 58 | 1197 |
| | | Fatality reduced by **249*** | |

* As per SCRB data on 5/9/2023